(സി) 14 മാസത്തെ.

(ഡി) ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

(ഇ) ഉണ്ട്. 26734 പേർ.

(1999 മാർച്ച് 31-ലെ കണക്കനുസരിച്ച്).

15 (411) മത്സ്യബന്ധനത്തിനു പോയി കാണാതായവർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99-ലും 1999-2000-മാണ്ടിൽ ഇതുവരെയും മത്സ്യബന്ധനത്തിനുപോയ എത്രപേരെ കാണാതായിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർ മരിച്ചു;

(സി) കാണാതാകുന്നവരെപ്പറ്റിയുള്ള അന്വേഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത്;

(ഡി) 1998-99-ൽ കാണാതായ എത്രപേരെ രക്ഷിക്കാനായിട്ടുണ്ട്;

(ഇ) മത്സ്യബന്ധനത്തിനുപോയി മരണമടയുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(എഫ്) ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) 6 പേരെ കാണാതായിട്ടുണ്ട്.

(ബി) 5 പേർ.

(സി) ഫിഷറീസ്‌വക ബോട്ടുകളും വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളും വള്ളങ്ങളും ഉപയോഗിച്ച് കടലിൽ തെരച്ചിൽ നടത്തുന്നു. പോർട്ടുവകുപ്പിന്റെ ടഗ്ഗുകളും കോസ്റ്റ് ഗാർഡിന്റെ സേവനവും തെരച്ചിലിലേക്കായി ഉപയോഗപ്പെടുത്തുന്നു. അടിയന്തിരഘട്ടങ്ങളിൽ ഇൻഡ്യൻ നേവിയുടെ സഹായത്താൽ ഹെലികോപ്റ്റർ ഉപയോഗിച്ചും തെരച്ചിൽ നടത്താറുണ്ട്.

(ഡി) 23 പേരെ.

(ഇ) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽനിന്നും 15000 രൂപ ധനസഹായം നൽകുന്നു. അപകടംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് ബോർഡ് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 50,000 രൂപ നൽകുന്നു.

മത്സ്യഫെഡ് നടപ്പാക്കിവരുന്ന ജനതാപേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് മത്സ്യബന്ധനത്തിനു പോയി മരണമടയുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നൽകിവന്നിരുന്നത് 1999-2000 മുതൽ 1.5 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

രൂപയായി വർദ്ധിപ്പിച്ചുനൽകുന്നതാണ്. കൂടാതെ മരണമടഞ്ഞ ഉടനെ 2500 രൂപ അടിയന്തിര സഹായമായും മത്സ്യഫെഡ് നൽകുന്നുണ്ട്.

(എഫ്) മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് നൽകുന്ന 15000 രൂപ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. ബോർഡ് പുതിയ ഇൻഷ്വറൻസ് പോളിസി എടുക്കുമ്പോൾ ഇൻഷ്വറൻസ് സഹായം വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

മത്സ്യഫെഡ് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകഴിഞ്ഞു.

16 (412) അലങ്കാര മത്സ്യക്കൃഷി

ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. അടൂർ പ്രകാശ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യക്കൃഷി വ്യാപകമാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ;

(സി) അലങ്കാര മത്സ്യങ്ങൾ കയറ്റുമതി ചെയ്യുവാൻ പരിപാടി ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്ക് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.സി.എ.ആർ. കേന്ദ്രമാനവശേഷി വികസന മന്ത്രാലയം എന്നിവയുടെ അംഗീകാരത്തോടുകൂടി യഥാക്രമം 48.50 ലക്ഷം രൂപ, 102.50 ലക്ഷം രൂപ അടങ്കൽത്തുക വരുന്ന രണ്ടു പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ 102.5 ലക്ഷം രൂപയുടെ പദ്ധതിയിന്മേൽ 48 ലക്ഷം രൂപയുടെ അടങ്കൽത്തുക കേന്ദ്രമാനവശേഷി വികസന മന്ത്രാലയം അംഗീകരിക്കുകയും 43.20 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയുണ്ടായി. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം അംഗീകരിച്ച പദ്ധതി

1. പദ്ധതി അടങ്കൽ 48 ലക്ഷം രൂപ
2. ലക്ഷ്യമിട്ടിരിക്കുന്ന ആകെ അലങ്കാര മത്സ്യോൽപ്പാദന യൂണിറ്റുകൾ - 200
3. 4 പേർ ചേർന്നുള്ള സിമന്റു ടാങ്ക് യൂണിറ്റുകൾ - 100. യൂണിറ്റൊന്നിന് 22000 രൂപ വീതം
4. 2 പേർ ചേർന്ന് നിലവിലുള്ള കുളങ്ങളിൽ മത്സ്യോൽപ്പാദന യൂണിറ്റ്. യൂണിറ്റൊന്നിന് 11000 രൂപ വീതം.

ഐ.സി.എ.ആർ-ന് സമർപ്പിച്ച പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly